All Kerala Press Release

17.06.2016

# ഇളംതലമുറയെ മാനവീയതയിലേക്ക് നയിക്കുക: ബിഷപ് ജോസഫ് കാരിക്കശ്ശേരി

കൊച്ചി: നന്മനിറഞ്ഞതും നിസ്വാർത്ഥമായ സ്നേഹം പ്രസരിപ്പിക്കുന്നതുമായ സമൂഹം കെട്ടിപ്പടുക്കാൻ ഇളംതലമുറയെ മാനവീയതയുടെ മഹനീയ ഭാവങ്ങളിലേക്ക് നയിക്കാൻ അധ്യാപകരായ കേരള കാത്തലിക് സ്റ്റുഡന്റ്സ് ലീഗിന്റെ അധ്യാപകർക്കും സമർപ്പിതർക്കും കടമയുണ്ടെന്ന് കോട്ടപ്പുറം ബിഷപ് ഡോ. ജോസഫ് കാരിക്കശ്ശേരി. കെസിഎസ്എൽ-ന്റെ അവാർഡ്ദാനചടങ്ങ് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ബിഷപ്പ്.

കെ.സി.എസ്.എൽ. വർഷംതോറും നല്കിവരുന്ന ഷെവ. പിടി. തോമസ് അവാർഡ് പാലാരൂപതാ കെ.സി.എസ്.എൽ. പ്രസിഡന്റ്  കെ.ടി. കുര്യനും ബെസ്റ്റ് ആനിമേറ്റർ അവാർഡ് സി. ഫ്രാൻസ് ലിറ്റ് എഫ്.സി.സി.ക്കും (കോതമംഗലം രൂപത) ബിഷപ് സമ്മാനിച്ചു. സംസ്ഥാന പ്രസിഡന്റ് കുര്യച്ചൻ പുതുക്കാട്ടിൽ അധ്യക്ഷത വഹിച്ചു. സഖ്യത്തിന്റെ ജനറൽ ഡയറക്ടറായി സ്ഥാനമേറ്റ ഫാ. തോംസൺ പഴയചിറപീടികയിൽ (തിരുവനന്തപുരം അതിരൂപത) ആമുഖപ്രസംഗം നടത്തി. ഫാ. യേശുദാസ് പഴമ്പിള്ളി, കെ.കെ. സോയി, ജൂബിൻ റെജി എന്നിവർ പ്രസംഗിച്ചു.

**ഫാ. തോംസൺ പഴയചിറ പീടികയിൽ**
ജനറൽ ഡയറക്ടർ, കെസിഎസ്എൽ

ഫോട്ടോ മാറ്റർ: കെസിഎസ്എൽ മികച്ച അധ്യാപകർക്കായി നല്കിവരുന്ന ഷെവ. പിടി. തോമസ് അവാർഡ് കെ.ടി. കുര്യൻ (പാലാരൂപതാ), ബെസ്റ്റ് ആനിമേറ്റർക്കുള്ള അവാർഡ് സി. ഫ്രാൻസ് ലിറ്റ് എഫ്.സി.സി.ക്കും കോട്ടപ്പുറം ബിഷപ് ഡോ. ജോസഫ് കാരിക്കശ്ശേരി സമ്മാനിച്ചപ്പോൾ. ഫാ. തോംസൺ പഴയചിറപീടികയിൽ, ജൂബിൻ റെജി എന്നിവർ സമീപം